# Release of Commemorative Postage Stamp for 70th Anniversary of Diplomatic Relations between India and Germany

June 10, 2021

---

## ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങളുടെ 70 മത് വാർഷിക അനുസ്മരണാർത്ഥമുള്ള പോസ്റ്റേജ് സ്റ്റാമ്പ്

ജൂൺ 10, 2021




2021 march 7 ന് ഇന്ത്യയും ജർമനിയുമായുള്ള നയതന്ത്ര ബന്ധം 70 മത് വാര്ഷികത്തിലെത്തിയിരിക്കുന്നു. 2021 -2022 വര്ഷ കാലാവധിയിൽ ഇരു രാജ്യങ്ങളിലുമായി നടക്കുന്ന ഏതാനും ഇവൻറ്റുകൾ വഴി ഈ വാർഷികം ആഘോഷിക്കുകയാണ്. ഈ ആഘോഷങ്ങളുടെ ഭാഗമായി,ഇന്ത്യയുടെ തപാൽ വകുപ്പ് (DOP), ജർമൻ ഫെഡറൽ ധനകാര്യ മന്ത്രാലയത്തിലെ തപാൽ സ്റ്റാമ്പ് ഡിവിഷൻ എന്നിവ അനുസ്മരണ സ്റ്റാമ്പുകൾ പുറത്തിറക്കും. ഇന്ത്യൻ സ്റ്റാമ്പ്

രൂപകൽപ്പന ചെയ്തത് ശ്രീമതി ഗുലിസ്ഥാനും ജർമ്മൻ സ്റ്റാമ്പ് രൂപകൽപ്പന ചെയ്തത് മത്തിയാസ് വിറ്റിഗും ആണ്.

2021 ജൂൺ 10 ന്, വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധൻ ശൃംഗള , സെക്രട്ടറി, പോസ്റ്റ്സ് ശ്രീ വിനീത് പാണ്ഡെ, ഇന്ത്യയിലെ ജർമ്മൻ അംബാസഡർ ശ്രീ വാൾട്ടർ ലിൻഡ്നർ എന്നിവർ ചേർന്ന് സ്റ്റാമ്പുകൾ പുറത്തിറക്കി.

തന്റെ പ്രസ്താവനയിൽ (**ഇന്ത്യ-ജർമ്മനി ബന്ധത്തിന്റെ 70-ാം വാർഷികത്തിൽ സ്റ്റാമ്പിന്റെ പ്രകാശനത്തിൽ വിദേശകാര്യ സെക്രട്ടറി നടത്തിയ പരാമർശങ്ങൾ),** അടുത്ത രാഷ്ട്രീയ-സാമ്പത്തിക ബന്ധങ്ങളും മെച്ചപ്പെട്ട വ്യക്തിഗത ബന്ധങ്ങളും ഇന്ത്യ-ജർമ്മനി ബന്ധത്തിന്റെ സവിശേഷതയാണെന്ന് വിദേശ-സെക്രട്ടറി ഉയർത്തിക്കാട്ടി കൂടാതെ ആരോഗ്യം, ഗവേഷണ വികസന പ്രവർത്തനങ്ങൾ , ഉന്നത വിദ്യാഭ്യാസം എന്നിവയിലെ ദീർഘകാല സഹകരണത്തെക്കുറിച്ചും ഇത് കോവിഡ് -19 സമയത്ത് പ്രത്യേക പ്രാധാന്യമർഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ബഹു കേന്ദ്രീകൃത,നിയമാധിഷ്ഠിതവുമായ ക്രമം ഉറപ്പാക്കുന്നതിന് ജർമനിയുമായി സഹകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദേശകാര്യ സെക്രട്ടറി അടിവരയിട്ടു പറഞ്ഞു കൂടാതെ . 70 വർഷത്തെ നയതന്ത്ര ബന്ധത്തിന്റെ ഈ സുപ്രധാന നാഴികക്കല്ലിൽ ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് ആശംസകൾ അറിയിച്ചു.

**ഇന്ത്യൻ സ്റ്റാമ്പ്**


भारत INDIA
25 00
भारत और जर्मनी के बीच राजनयिक संबंधों के 70 वर्ष
2021
70 YEARS OF DIPLOMATIC RELATIONS BETWEEN INDIA AND GERMANY

ജർമൻ സ്റ്റാമ്പ്


भारत जर्मनी
2021 DEUTSCHLAND
INDIEN — DEUTSCHLAND
170
70 JAHRE DIPLOMATISCHE BEZIEHUNGEN

ന്യൂ ഡൽഹി

**ജൂൺ 10, 2021**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**